## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7774 — 23.07.2012 ലെ മറുപടിയ്ക്ക്

### അമിത പലിശ നിരോധിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അമിതപലിശ നിരോധിയ്ക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്നത് നിരോധിക്കാനായി കേരള മണിലെൻഡേഴ്സ് ആക്ട്, 1958 ഇപ്പോൾ നിലവിലുണ്ട്. ഇതനുസരിച്ച് കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിൽനിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുന്നത് നിയമ വിരുദ്ധമാണ്. |
| (ബി) | ഇതിനായി പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരുന്നകാര്യം പരിഗണിക്കുമോ; | (ബി) | അമിത പലിശ ഈടാക്കുന്നതിനെതിരെ `2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ' എന്ന പേരിൽ ഒരു നിയമം കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ ബിൽ 13-ാം കേരള നിയമസഭയിൽ ബിൽ നം. 114 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | അമിത പലിശ നിരോധിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ? | (സി) | അമിത പലിശ ഈടാക്കുന്ന ഏതൊരാളെയും കുറ്റ സ്ഥാപനത്തിന്മേൽ മൂന്നു വർഷംവരെയാകുന്ന കാലയളവിലേയ്ക്കുള്ള തടവും അൻപതിനായിരം രൂപ വരെയാകാവുന്ന തുക പിഴയും നൽകി ശിക്ഷിക്കുവാനാണ് ബില്ലിലെ വ്യവസ്ഥ. ഇതിലേയ്ക്കുള്ള പരാതി പോലീസിനും കോടതിയ്ക്കും നൽകാവുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ